പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ : 4903 — 01.07.2013-ൽ മറുപടിക്ക്

കെ.എസ്.ബി.സി. യുടെ ഷോപ്പുകളിൽ ശുദ്ധജലവും
ടോയ്‌ലറ്റ് സൗകര്യവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ എല്ലാ ഷോപ്പുകളിലും ശുദ്ധജലവും, ടോയ്‌ലറ്റ് സൗകര്യവും ലഭ്യമാണോ; | (എ) | ലഭ്യമാണ്. ചില ഷോപ്പുകളിൽ ഇക്കാര്യത്തിൽ പരിമിതികളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും, അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ വെയർഹൗസുകളുടെ പ്രവർത്തി സമയം എത്രയാണ്; | (ബി) | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് കീഴിലുള്ള എഫ്. എൽ.9 വെയർഹൗസുകൾ, രാവിലെ 9.30 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെയും, ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 5 മണിവരെയുമാണ് പ്രവർത്തിയ്ക്കുന്നത്. |
| (സി) | എല്ലാ വെയർഹൗസുകളുടെയും പ്രവർത്തനരീതി ഏകീകരിച്ചിട്ടുണ്ടോ; | (സി) | ഏകീകരിച്ചിട്ടുണ്ട്. |
| (ഡി) | കേരള സ്റ്റേറ്റ്ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാരുടെ എണ്ണം എത്രയാണ്; | (ഡി) | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനു കീഴിൽ, കോർപ്പറേഷന്റെ ജീവനക്കാരായ 805 പേരും, ഡെപ്യൂട്ടേഷനിലുള്ള 882 പേരും, അബ്കാരി വർക്കർമാരായ 1664 പേരും ജോലി ചെയ്യുന്നുണ്ട് (31/ 05 / 2013 വരെയുള്ള കണക്ക് പ്രകാരം). |

| | | | |
|---|---|---|---|
| (ഇ) | നിലവിലുള്ള എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എൻ.ജെ.ഡി ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) | എൽ.ഡി ക്ലാർക്ക് തസ്തികയിലെ എല്ലാ എൻ.ജെ.ഡി ഒഴിവുകളും പി.എസ്. സി - യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകെ 301 എൻ.ജെ.ഡി ഒഴിവുകളാണ് റിപ്പോർട്ട്ചെയ്തിട്ടുള്ളത്. അവയിൽ 94 ഒഴിവുകളിലേയ്ക്കുള്ള നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. അവരുടെ നിയമനം നടന്നുവരുന്നു. ശേഷിക്കുന്ന ഒഴിവുകളിലേക്കുള്ള നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അവർക്കും നിയമനം നൽകുന്നതാണ്. |
| (എഫ്) | ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. - ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ എന്നേക്ക് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കാമോ? | (എഫ്) | എൽ.ഡി ക്ലാർക്ക് തസ്തികയിൽ പി.എസ്.സി - യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളൊന്നും നിലവിലില്ല. ഒഴിവുകളുണ്ടായാൽ അവ കാലതാമസം കൂടാതെ റിപ്പോർട്ട് ചെയ്യുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ